പഞ്ചാംഗങ്ങൾ.

* 1529. [18] ശ്രീ. എൻ. ഇ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വ്യത്യസ്തരീതിയിലുള്ള പഞ്ചാംഗങ്ങളാണ് ഉള്ളതെന്നു ഗവണ്മെന്റിനറിയാമോ ;

(ബി) ഏകീകൃതമായ ഒരു പഞ്ചാംഗം നിർമ്മിക്കാൻ വേണ്ട നടപടികളും ഗവണ്മെന്റ് കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ) അറിയാം.

(ബി) ഏകീകൃതമായ ഒരു പഞ്ചാംഗം നിർമ്മിക്കാൻ വേണ്ട നടപടികളും കൈക്കൊള്ളാൻ ഗവണ്മെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. ഇ. ബലറാം : എന്തുകൊണ്ടാണ് ഇപ്പോൾ ആലോചിക്കാത്തത് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ആലോചിക്കുന്നുണ്ടെന്നു പറഞ്ഞാൽ എന്തുകൊണ്ടാണെന്ന ചോദ്യത്തിനു മറുപടി പറയാൻ കൂടുതൽ എളുപ്പമായിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാറിലെ കൊല്ലവർഷാരംഭത്തിനെപ്പറ്റി സ്ഥിരമായ ഒരഭിപ്രായമുണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഗവണ്മെന്റിനില്ല. അത് ജ്യോതിശ്ശാസ്ത്രകാര്യത്തിൽ പാണ്ഡിത്യമുള്ള ആളുകളെല്ലാം കൂടിച്ചേർന്ന് തീരുമാനിക്കേണ്ടതാണ്.

Recruitment for appointment by the Public Service Commission.

* 1530. [19] **Shri K. S. Achuthan** †: Will the Chief Minister be pleased to state :

(a) the number of clerks recruited for appointment by the Public Service Commission according to their latest list;

(b) the respective numbers selected from Travancore, Cochin and Malabar areas ?

Chief Minister (**Shri E. M. S. Namboodiripad**) :

(a) 1235.

(b) Since the selection is made on a statewide basis, no separate statistics regarding the regional representation among candidates advised, are maintained.

ശ്രീമതി കുസുമം ജോസഫ് : കഴിഞ്ഞ പ്രാവശ്യം പി. എസ്. സി. അപേക്ഷകരെ ക്ഷണിച്ചപ്പോൾ ഡിസ്ട്രിക്റ്റ് പ്രത്യേകം കാണിക്കാതെ അയച്ച അപേക്ഷകരെ നിരസിച്ചു എന്നുള്ളതു ശരിയാണോ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : അങ്ങനെ ഉണ്ടാകാൻ വഴിയില്ല. അങ്ങനെ വല്ല രേഖയും കാണിച്ചാൽ അന്വേഷിക്കാം.

† As the Member was absent the question was put by Shri Moideenkutti Haji with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ്: പലരുടെയും പരാതികൾ എനിക്കുമറിയാം കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിന്റെ രേഖകൾ കിട്ടിയാൽ അന്വേഷിക്കാം.

കുടിയിറക്ക്.

*1531. [20] ശ്രീ ജോർജ്ജ് ജോസഫ്: താഴെ കാണുന്ന ചോദ്യം ഒഴിവാക്കി വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "പീരുമേട്ടി"ലെ "ഉടുമ്പഞ്ചോല" താലൂക്കുകളിൽനിന്ന് കർഷകരെ കുടിയിറക്കുന്നതിനു് ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചന്ദ്രമേനോൻ Commission Report നടപ്പിലാക്കാതിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കർഷകർ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) 26-4-57-നു ശേഷമുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനും പ്രവേശിച്ചവരെ ഇറക്കിവിടുന്നതിനും ഗവണ്മെന്റുത്തരവു കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല.

ശ്രീ. ജോർജ്ജ് ജോസഫ്: ചന്ദ്രമേനോൻ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിനു മടിയുണ്ടാകുമോ?

ശ്രീ. കെ. സി. ജോർജ്ജ്: അതു് പബ്ലിഷ് ചെയ്യാൻ പോകുകയാണു്.

തൊഴിലാളികളുടെ ബോണസ് തർക്കം.

*1532. [21] ശ്രീ. ടി. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾ ഒഴിവാക്കി തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ തോട്ടം തൊഴിലാളികളുടെ ബോണസ് തർക്കം തീർത്തുമാനിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രവീതമാണു് ബോണസ് നിശ്ചയിച്ചിട്ടുള്ളതു്;

(സി) ഇതിനു നിയോഗിച്ച അന്തരഞ്ജന ബോർഡിന്റെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എന്നു ലഭിച്ചു; എന്നാണു് ഈ ബോർഡ് രൂപീകരിച്ചതു്;

(ഇ) 1957-ലെ ബോണസ് പ്രശ്നം എന്നാണു് തൊഴിലാളികൾ ഉന്നയിച്ചതു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഏ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) 22-1-1959.

(ഇ) 22-9-1958.

LIBRARY ARCHIVES Kerala Legislative Assembly